(ഇ) മുകളിൽ പറഞ്ഞിരിക്കുന്ന പുതിയ പദ്ധതികൾ പ്രാവർത്തികമാകുമ്പോൾ സ്ഥാപിത ശേഷിയിൽ 727 മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടാകും.

കേരള സ്റ്റേറ്റ് വൈദ്യുതി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം

4 [*557] ശ്രീ. പി. എസ്. സുപാൽ:
,, കെ. പി. രാജേന്ദ്രൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് വൈദ്യുതി ബോർഡ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിനായി ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പദ്ധതികൾ വിശദമാക്കുമോ;

(ബി) ബോർഡിന്റെ ബില്ലിംഗ് വിഭാഗം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) കമ്പ്യൂട്ടർവൽക്കരണത്തിനായി ടെന്റർ ക്ഷണിച്ചിട്ടുണ്ടോ; ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ഓഫർ വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഓപ്പറേറ്റിംഗ് സിസ്റ്റം തെരഞ്ഞെടുക്കുന്നതിന് ഏതൊക്കെ സ്ഥാപനങ്ങളുമായാണ് നെഗോസിയേഷൻ നടത്തിയത്; ഇതിൽനിന്നും ലിനക്സ് ഫ്രീ സോഫ്ട് വെയർ സ്ഥാപനത്തെ ഒഴിവാക്കിയതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) വാണിജ്യ താല്പര്യമുള്ള ബഹുരാഷ്ട്ര കമ്പനികളുമായി മാത്രം നെഗോഷിയേഷനും ചർച്ചയും നടത്തിയതു മറ്റു ചില താല്പര്യങ്ങളുടെ പേരിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(എഫ്) കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച് എ.ഡി.ബി.-യിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ഉപദേശമോ നിർദ്ദേശമോ ലഭിച്ചിട്ടുണ്ടോ;

(ജി) എം.ജി.പി. അനുസരിച്ച് കമ്പ്യൂട്ടർവൽക്കരണം, നവീകരണം, പുനരുദ്ധാരണം തുടങ്ങിയ കാര്യങ്ങളിൽ എന്തൊക്കെ പരിഷ്ക്കാരങ്ങളും വികസന പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്. താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്കുള്ള ബില്ലിംഗ് സംവിധാനം കമ്പ്യൂട്ടർവൽക്കരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. ബോർഡിന്റെ എട്ട് ഡിസ്ട്രിബ്യൂഷൻ സെക്ഷൻ ആഫീസുകളിൽ ബില്ലിംഗ് കളക്ഷനും കമ്പ്യൂട്ടർവൽക്കരിച്ചു.

ബോർഡിന്റെ ഡിസ്ട്രിബ്യൂഷൻ സെക്ഷൻ ആഫീസുകളുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുവേണ്ടിയുള്ള ഒരു ബൃഹത്തായ പദ്ധതി കെ.എസ്.ഇ.ബി. ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതിന്റെ ആദ്യപടിയായി കോർപ്പറേഷൻ ഏരിയയിൽ വരുന്ന എൺപതു സെക്ഷനുകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ പൂർത്തിയായിവരുന്നു. ഇതിനാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചുകഴിഞ്ഞു. സെപ്റ്റംബർ മാസത്തോടുകൂടി ഈ സെക്ഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. ബാക്കിയുള്ള എല്ലാ ഡിസ്ട്രിബ്യൂഷൻ ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്. ബോർഡിലെ കോമേഴ്സ്യൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ചെയർമാനും എം.ഐ.എസ്. ഡയറക്ടർ കൺവീനറുമായ ഒരു കോർ കമ്മിറ്റി ബോർഡിലെ ബില്ലിംഗ് വിഭാഗം കമ്പ്യൂട്ടർവൽക്കരണത്തെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. '80' സെക്ഷൻ ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സപ്ലൈ ചെയ്യുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾ ഓഫർ സമർപ്പിച്ചിരുന്നു.

1. ഐ.റ്റി.ഐ. ബാംഗ്ലൂർ
2. സി.എം.സി. ലിമിറ്റഡ്, തിരുവനന്തപുരം
3. ബി.പി.എൽ. തിരുവനന്തപുരം
4. കെൽട്രോൺ, തിരുവനന്തപുരം

ഇതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ഓഫർ സമർപ്പിച്ച സി.എം.സി. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഓർഡർ കൊടുത്തു.

ഓപ്പറേറ്റിംഗ് സിസ്റ്റവും ഡേറ്റാ ബേസ് സോഫ്റ്റ് വെയറും വാങ്ങുന്നതിനായി മൈക്രോസോഫ്റ്റിന്റെ അംഗീകൃത റീ സെല്ലേഴ്സിൽനിന്നും ടെന്റർ ക്ഷണിച്ചു. താഴെ പറയുന്ന സ്ഥാപനങ്ങൾ ഓഫർ സമർപ്പിച്ചിരുന്നു.

1. വിപ്രോ ഇൻഫോടെക്
2. എച്ച്.സി.എൽ.
3. സി.എം.സി. ലിമിറ്റഡ്

ഇതിൽ ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ഓഫർ സമർപ്പിച്ച സി.എം.സി. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഓർഡർ കൊടുത്തു. മൈക്രോസോഫ്റ്റ് കമ്പനി അവരുടെ ഉല്പന്നങ്ങൾ അംഗീകൃത റീ-സെല്ലേഴ്സ് മുഖേന മാത്രമേ വില്പന നടത്താറുള്ളൂ.

(ഡി) ഓപ്പറേറ്റിംഗ് സിസ്റ്റവും ഡേറ്റാബേസ് സോഫ്റ്റ് വെയറും തെരഞ്ഞെടുക്കുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങളുടെ ഓഫറുകളാണ് പരിഗണിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

1. മൈക്രോസോഫ്റ്റ്
2. ഒറക്കിൾ കോർപ്പറേഷൻ
3. ഐ.ബി.എം.
4. റെഡ്ഹാറ്റ് ലിനക്സ്
5. കാൾഡിറ ലിനക്സ്

ഇതിൽനിന്നും സാങ്കേതിക മികവ്, താരതമ്യേന കുറഞ്ഞ സാമ്പത്തിക ബാദ്ധ്യത, ടെക്നിക്കൽ സപ്പോർട്ട് തുടങ്ങിയവ പരിഗണിച്ച് മൈക്രോസോഫ്റ്റിന്റെ ഓപ്പറേറ്റിംഗ് സിസ്റ്റവും ഡേറ്റാബേസ് സോഫ്റ്റ് വെയറും തെരഞ്ഞെടുത്തു. മേല്പറഞ്ഞ ഓഫറിൽ ലിനക്സ് ഫ്രീ സോഫ്റ്റ് വെയർ സ്ഥാപനങ്ങളായ റെഡ്ഹാറ്റ് ലിനക്സും കാൾഡിറ ലിനക്സും സമർപ്പിച്ച നിരക്കുകൾ മറ്റു ഓഫറുകളുമായി താരതമ്യം ചെയ്യുമ്പോൾ ബോർഡിനു താരതമ്യേന ഉയർന്ന സാമ്പത്തിക ബാദ്ധ്യത ഉളവാക്കുന്നതായി കണ്ടതി നാലാണ് ഇവയെ ഒഴിവാക്കിയത്.

(ഇ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ നിജസ്ഥിതി വെളിപ്പെടുത്തുന്ന ഒരു ഔദ്യോഗിക വിശദീകരണം പത്രദ്വാര പ്രസിദ്ധീകരിച്ചിരുന്നു. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) †

(എഫ്) ഇല്ല.

(ജി) വൈദ്യുതി ബോർഡിൽ നടക്കുന്ന കമ്പ്യൂട്ടർവൽക്കരണം, നവീകരണം, പുന രുദ്ധാരണം എന്നിവ എം.ജി.പി. അനുസരിച്ചുള്ള പദ്ധതികളല്ല.

തീര സമൃദ്ധി പദ്ധതി

5 [*558] ശ്രീ. റോഷി അഗസ്റ്റിൻ:
„ കെ. നാരായണക്കുറുപ്പ്:
„ തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉന്നമനത്തിനായി "തീര സമൃദ്ധി" പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) തീര സമൃദ്ധി പദ്ധതി ഏതൊക്കെ ജില്ലയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) "തീര സമൃദ്ധി" പദ്ധതി ഫിഷറീസ് വകുപ്പ് ഈ കൊല്ലം മുതൽ നടപ്പിലാക്കി വരുന്നുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly